# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 125

01-12-2014- ൽ മറുപടിക്ക്

## വിഴിഞ്ഞം രാജ്യാന്തര തുറമുഖ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം.എ.ബേബി | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) വിഴിഞ്ഞം രാജ്യാന്തര തുറമുഖ പദ്ധതിയുടെ ടെണ്ടർ ഏറ്റവും ഒടുവിൽ വിളിച്ചത് ഏത് തീയതിയിലായിരുന്നു; എത്ര സ്ഥാപനങ്ങൾ പങ്കെടുത്തു; ക്വാളിഫൈ ചെയ്യപ്പെട്ടവർ ഏതൊക്കെ; | (എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ റിക്വസ്റ്റ് ഫോർ ക്വാളിഫിക്കേഷൻ (RFQ) ടെണ്ടർ ഏറ്റവും ഒടുവിൽ വിളിച്ചത് 2013 ഡിസംബർ മാസം 4-ാം തീയതിയാണ്. ടി ടെണ്ടറിൽ 5 പ്രമുഖ കമ്പനികൾ പങ്കെടുത്തു. ക്വാളിഫൈ ചെയ്യപ്പെട്ട 5 സ്ഥാപനങ്ങളുടെ പേര് ചുവടെ ചേർക്കുന്നു.<br>• Gammon Infrastructure Projects Limited<br>• Consortium of Concast Infratech Ltd & Hyundai Engineering & Construction Co.Ltd<br>• Essar Ports Ltd<br>• SREI - OHL Consortium<br>• Adani Ports & Special Econimic Zone Ltd. |
| (ബി) കേന്ദ്ര ഗവണ്മെന്റ് അനുവദിക്കുന്ന വി.ജി.എഫ്. സംബന്ധിച്ച് ടെണ്ടറിൽ വ്യക്തമാക്കിയിട്ടുണ്ടായിരുന്നുവോ ; കേന്ദ്ര - സംസ്ഥാന ഗവണ്മെന്റുകളുടെ വി.ജി.എഫ്. സംബന്ധമായി അന്തിമ തീരുമാനം എടുത്തത് ഏത് തീയതിയിലാണ്; | (ബി) കേന്ദ്ര ഗവൺമെന്റ് വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെയും മോഡൽ കൺസഷൻ എഗ്രിമെന്റിന്റെയും അടിസ്ഥാനത്തിലാണ് റിക്വസ്റ്റ് ഫോർ ക്വാളിഫിക്കേഷൻ (RFQ) ടെണ്ടറുകൾ വിളിച്ചിട്ടുള്ളത്. 2014 ഏപ്രിൽ മാസത്തിൽ കേന്ദ്ര സർക്കാരിന് നൽകിയ കൺസഷൻ എഗ്രിമെന്റ് ഉൾപ്പെടെയുള്ള വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് അപേക്ഷയിൻമേൽ 2014 ഒക്ടോബർ 29-ാം |

തീയതി കൂടിയ കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ എംപവേർഡ് കമ്മിറ്റി (EC) തത്വത്തിൽ അംഗീകാരം നൽകി.

(സി) എണ്ണൂറ് കോടിയോളം രൂപ വി.ജി.എഫ്. ഇനത്തിൽ ലഭിക്കുന്ന രാജ്യത്തെ ആദ്യത്തെ തുറമുഖ പദ്ധതി എന്ന നില കൈവരിച്ച സാഹചര്യത്തിൽ കൂടുതൽ മത്സരം ടെണ്ടറിൽ ഉണ്ടാകുന്നതിന് വീണ്ടും ആഗോള ടെണ്ടർ വിളിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ ;

(ഡി) സർക്കാർ - സ്വകാര്യ വിഹിതം സംബന്ധിച്ച് വിളിച്ച ടെണ്ടർ രേഖകളിൽ വ്യക്തതയുണ്ടായിരുന്നുവോ ; വിശദമാക്കാമോ?

(സി) യും (ഡി) യും കേന്ദ്ര ഗവൺമെന്റ് വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെയും മോഡൽ കൺസഷൻ എഗ്രിമെന്റിന്റെയും അടിസ്ഥാനത്തിലാണ് ഇപ്പോഴത്തെ ആഗോള ടെണ്ടർ വിളിച്ചിട്ടുള്ളത്. ആയതിനാൽ വീണ്ടും ആഗോള ടെണ്ടർ വിളിക്കേണ്ടതിന്റെ ആവശ്യകതയില്ല. ഈ മാനദണ്ഡങ്ങളിൽ സർക്കാർ - സ്വകാര്യ വിഹിതം സംബന്ധിച്ച് വ്യക്തതയുണ്ട്.

സെക്ഷൻ ഓഫീസർ